*Dominus Mea Illuminatio*

MTTC - MOULDING TEACHERS SINCE 1956

# THEOSA VOICE - 2018

THEOSA - GROWING IN THE ART OF MIND MANAGEMENT



## MAR THEOPHILUS TRAINING COLLEGE

NALANCHIRA, TRIVANDRUM

RE-ACCREDITED BY NAAC : GRADE A

mttcollegetoday.blogspot.in voiceoftheosa.blogspot.in mttc.ac.in



Scanned by CamScanner

# Golden Moments of Theosa 2017














Scanned by CamScanner

# THEOSA VOICE
# 2018

## Mar Theophilius Training College

Mar Ivanios Vidya Nagar, Nalanchira, Thiruvananthapuram
Re- Accredited by NAAC : Grade A
Affiliated to University of Kerala
Recognised by NCTE
Phone : 0471 - 2530074, Fax : 0471 - 2533518
E-mail : mttctvm15@yahoo.com
www.mttc.ac.in
mttctoday.blogspot.in
voiceoftheosa.blogspot.in

Scanned by CamScanner

## THEOSA EXECUTIVE COMMITTEE

**Patron**

**His Beatitude Moran Mor Baselios Cardinal Cleemis Catholicos**

**Bursar - Rev. Fr. Thomas Kayyalackal**

**Principal - Dr. K.Y. Benedict**

**President - Ambrose P. Kunnil**

**Vice Presidents - Dr. Theresa Susan A.,**
**Mr.Mahesh B.**

**Secretary - Mr. Rajasekharan**

**Executive Secretary - Mr. Prakash G.T.**

**Joint Secretary - Mr. Praveen**

**Staff Secretary - Dr. Joju John**

**Members**

Dr. Manju
Mr. Rajesh Kumar G.C.
Ms. Anna Mathew
Mrs. Ganakumari
Mr. Premjith
Mrs. Aparna


## EDITORIAL BOARD

**Managing Editor - Dr. K.Y. Benedict**

**Chief Editor - Ms. Cinu Mary A.**

**Staff Editors - Dr. Joju John**
**Mrs. Deepthi Elizabeth Mathew**

**Associate Editors**

Dr. John A.
Dr. Giby Geevarughese
Dr. Maya S.
Dr. Ancy A.S.
Dr. Neena Thomas
Mr. Nathaniane
Dr. T.P. Jose
Dr. Bindu B.
Dr. Lagi Varghese
Ms. Shiney Jacob
Ms. Salini S.

**Student Editors**

Mr. Bimal Dev
Ms. Avina Murali
Swami Gurunanth

**Auditors**

Mr. Shibu Aralumoodu
Mr. Padmakumar


**THEOSA VOICE EDITORIAL BOARD - 2018**



Scanned by CamScanner

# SOURCE OF INSPIRATION AND GUIDANCE



Servant of God
Archbishop Geevarghese Mar Ivanios



Spiritual Patron
Bishop Jacob Mar Theophilus



Founder
Archbishop Benedict Mar Gregorios



Patron
Major Archbishop Baselios Cardinal
Cleemis Catholicos



Co-patron
Bishop Samuel Mar Irenios

Scanned by CamScanner

# Messages



Dear Theophilites,

I am really happy to know that the Old Students Association of Mar Theophilus Training College(Theosa) is publishing its annual magazine 'Theosa voice' this year. I express my hearty congratulations to the entire editorial team for their hard work and sincerity.

This institution promotes character formation along with academic excellence with due focus on values such as moral values, aesthetic values, disciplinary values, intellectual values, cultural values, social values and international values. It promotes and provides modern teaching techniques and technologies and also gives ample opportunities to develop the innate talents of the students to shine like the stars. Each individual is unique and hence inspire all for high thinking, global realationship giving importance to sincere smile.

I appreciate and extend my hearty congratulations and sincere thanks for the unique service of the principal and dedicated, hardworking teaching staff and supporting staff.

May God Bless us all.

**Ambrose P. Kunnil**
President THEOSA



Dear friends,

Every beginning must be made without obstacles. We began our journey 26 years back. In this journey there was a transition from teacher trainees to teachers. A few of us diverted our career paths to other avenues. Now it is a heterogenous group. But still we meet every year at the College during Theosa Fest and reiterate our dedication and friendship beyond barriers.

The Golden Jubilee Jamboree was over after a year long programs and of course without any bugaboo - thanks to the doyen - our Principal.

With prayers for the Ockhi victims and their family members, let's welcome the New Year. May the New Year be filled with magnificent experience and prosperity.

Best wishes to all Theophilites.

**Mr. S. Rajasekharan [1990-91 Batch]**
Gen. Secratery THEOSA

# Editorial



There are two eduations.One should teach us how to make a living and other how to live. Education is life itself,not a prepartion of life. Our BEd life moulds each individual to make a better human being.It gives an opportunity to bring out the best inus. teaching is not only a profession, but also a service. It is a scared service to mankind.

Theosa is the old students association of Mar Theophilus Training College, which started in the year 1991. When we think about Theosa meet, the first thing which comes to our mind is that it is a moment of joy, sharing, happiness and we naturally go back to our old college days. This year also Theosa welcomes you to share the joys and to meet the great personalities of various yields.

In this wonderful occassion, I extend my Reactfell gratitude to all Teachers, Theosa members and students of MTTC who help me to bring out a wonderful magazine. I also extend my hearty thanks to all who contributed to the betterment of Theosa Voice.

**Cinu Mary A.**
Chief Editor



Scanned by CamScanner

# Messages
## സന്ദേശം



മാർ തെയോഫിലസ് ട്രെയിനിങ് കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ 27-ാം വാർഷിക സമ്മേളനത്തിന് എത്തുന്നവർക്ക് ഹൃദ്യമായ സ്വാഗതം. ഈ കലാലയത്തിന്റെ വജ്രജൂബിലി ആഘോഷങ്ങൾ നടന്ന 2016-17 കാലഘട്ടത്തിൽ തെയോസാ കുടുംബം കോളേജിന്റെ പ്രവർത്തനങ്ങൾക്ക് നൽകിയ എല്ലാ പിന്തുണയ്ക്കും പങ്കാളിത്തത്തിനും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. വജ്ര ജൂബിലിയുടെ ഭാഗമായി തെയോസ സംഘടിപ്പിച്ച ഇന്റർ കൊളീജിയറ്റ് കൊളാഷ് മത്സരം, മത്താന ക്യാമ്പ് തുടങ്ങിയ കർമ്മ പദ്ധതികൾ ശ്രദ്ധേയമായി. തിയോസാ യു.എ.ഇ. ചാപ്റ്റർ രൂപീകരണവും ഇക്കാലയളവിൽ ആണ് നടന്നത്.

ഈ വർഷവും ശ്രദ്ധേയമായ ചുവടുവയ്പ്പുകളാണ് തെയോസാ കുടുംബം മുന്നോട്ട് വച്ചിട്ടുള്ളത്. കോളേജിന്റെ വജ്ര ജൂബിലി സ്മാരകമായുള്ള ദേശീയോത്തമ അധ്യാപക അവാർഡ്, അന്തരിച്ച മുൻ പ്രസിഡന്റ് പ്രൊഫ. മേരി മാത്യു ടീച്ചറിന്റെ സ്മരണയ്ക്കായുള്ള 'ബസർ ബൈപന്റ് ഡിവൈൻ' അവാർഡ്, തെയോസ യു.എ.ഇ. ചാപ്റ്റർ കൺവെൻഷൻ എന്നിവ വലിയ പ്രതീക്ഷ ഉണർത്തുന്നു. 2018-19 അധ്യയന വർഷം കോളേജിന്റെ റീ അക്രഡിറ്റേഷൻ (രണ്ടാം ഘട്ടം) നടക്കുകയാണ്. എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. കോളേജിന്റെ വളർച്ചയിൽ ബഹുദൂരം പോകാനുള്ള ഊർജ്ജ സ്രോതസ്സായി മാറാൻ 'തെയോസാ ഫെസ്റ്റ് 2018' ന് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഏവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ.

ഡോ. കെ. ജെ. ബെനഡിക്ട്
പ്രിൻസിപ്പാൾ
MTTC



It's great to learn that the old students of Mar Thophilus college are publishing a magazine to cherish the sweet memory of the college years. I would like to congratulate all who have worked for this endeavour. May god bless you all. I would like to wish you a great get-together in 2018.

A teacher is a value inculcator. A class without value inculcation is incomplete. Education was defined by Gandhiji with great insight-*the development of the body, mind and soul.* No educational Endeavour iscomplete without the development of the soul of a person. It is in fact the soul factor that makes a person really human. The most unique human characters emanate from the soul of a person. But in the current environment of supersonic changes and up gradation in the field of technology, value inculcation lags behind. It's time we thought about it seriously.

Values should naturally flow from the teacher. Students should look at the teacher and learn. I pray that the teacher produced by this college in the yesteryears be a model to the students in therri value system and personal commitment to the profession. Best wishes.

**Fr. Thomas Kayyalackal**
Bursar

Scanned by CamScanner

# ആശംസകൾ... പ്രാർത്ഥനകൾ...



തിരുവനന്തപുരം മേജർ അതിരൂപതയുടെ പുതിയ **ബഹു. വികാരി ജനറൽ മോൺ. വർക്കി ആറ്റുപുറത്ത്** (മുൻ തെയോസാ വൈസ് പ്രസിഡന്റ്)



മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ച **ശ്രീ. ജേക്കബ് ചാൾസ്** (ഹെഡ്മാസ്റ്റർ സെന്റ്. ജോൺസ് മോഡൽ സ്കൂൾ, എം.ടി.ടി.സി. 1986-87 ബാച്ച്)



**ശ്രീ. മാത്യു എബ്രഹാം**, പ്രിൻസിപ്പാൾ കേന്ദ്രീയ വിദ്യാലയ എൻ.എം.യു., മഹാരാഷ്ട്ര



തിരുവനന്തപുരം മേജർ അതിരൂപതയുടെ പുതിയ പ്രൊക്കുറേറ്ററായി നിയമിതനായ **ബഹു. ഫാ. തോമസ് കയ്യാലയ്ക്കൽ** (ബർസാർ എം.ടി.ടി.സി.)



വൈദികപട്ടം ലഭിച്ച **ബഹു. ഫാ. വർഗീസ് പുത്തൻവീട്ടിൽ ഒ.ഐ.സി.** (2007-08 ബാച്ച് - എം.ടി.ടി.സി)



Scanned by CamScanner

Article

# LIFE SKILLS AND DISASTERS



**S. Rajasekharan**
[1990-91 Batch]

Disasters are unexpected whether it is natural or manmade. India is the sixth most vulnerable country in the world in terms of facing extreme weather events with Haiti, Zimbave, Fiji, Sri Lanka and Vietnam taking top five position in the fresh list of Nations facing climate risk. The ranking was released in Born by the German watch an independent Berlin - based development and environment organisation on 5th November 2017 in the lastest Climatic Risk Index (CRI).

The report noted that India had in 2016 lost the maximum number of human lives (2119) and over 21 billion worth of properties. Analysing the related death of past 20 yrs. (1997-2016) the CRI report found that the world had lost lives of 524000 people and suffered financial less for the fune $ 3.16 million as direct result of more than 11000 extreme weather events during the period. As far as the long term 1997-2016 CRI of countries are concerned, India in not in the list of top ten vulnerable nations. Still the situation is alarming. Bearing this situation in mind, we have to acquire some skills or techniques in order to cope with these disasters. The first step is the preparation for the reduction of impact of distasters. In India, the Centeral Govt. has a programme in which 38 cities which are prone to earthquake are equiped with various techniques which will be useful to reduce the intensity of disasters. The target group includes the community groups in villages. district administration, Local Self Govts. etc. The earthquake prone zones like 3, 4, 5 and are having propulation more than 500000 are selected for this. The gravity of loss can be reduced to minimum by this project.

**Disaster Mitigation**

Mitigation, sometime called prevention or risk reduction is the cornerstone of disaster management. while the three other components of the disaster management cycle (preparedness, response and recovery) are performed in reaction or in anticipation of their consequences, mitigation measures seek and reduce the likelyhood or consequences of hazard risk before a disaster even occurs. Mitigation is defined as any sustained effort undertaken to reduce a hazard risk through the reduction of the livelyhood and the consequent components of that hazard risk. Each hazard is unique in its effect on humans and the natural and built environment. Each hazard has a unique set of mitigation option from which disaster manager may choose. Each option carries an associated list of several factors, and an expected success rate for actually reducing the risk as designed.

**Mitigation Goals**

There are many options suitable for treating a hazard risk. They are - Risk likely hazard reduction, Risk consequences reduction, Risk avoidance and risk acceptance and risk transfer sharing or spreading.

The planning process creates an awareness of hazards and the need for long term capital planning and investments by communities. A mitigation plan not only sets the stage for a successful implementation of hazard mitigation measures but also can guide local decision makers in their routine involvement with land use and development matters. Example of common mitigation projects includes road drainage improvemnets through properly sized culverts and bridges, road drainage maintenance and storm water management systems. Other examples could include flood plain and buffer management policies, developed guidance regarding locating structure on steep slope and elevating buildings.

The people are to be trained to cope with unexpected disaster of different kinds. The first and most important strategy is the prevention of hazard in a disaster. This basic mitigation strategy should be carried out with a community land use plan, fine regulation, building codes and other ordinances. Some examples include

1. All public buildings should have sprinkle system.
2. Promote the instellation of smoke detection in all buildings.
3. Use local planning and zoning efferts to identify high risk areas (floods, land slides, dams and know hazard system)



Scanned by CamScanner

4. Discourage and prohibit new construction in the flood plain, encourage developers to elevate buildings near flood fringe areas.
5. Upgrade fine safety measures in old buildings.

The dissemination of information at the right time is also very important. Public information is the key in preventing a wide range of emergencies. Disolove probable hazards to buyer of land and structure and educate users of chmicals regarding hazard reduction measures.

**Disaster awareness**

Community disaster awareness initiatives which inform and train local populations about how to prepare for natural disasters and emergencies can reduce a populations vulnerability and specific hazards. These initiatives need not require large financial outlays nor do they require the work of a great number of people. The following are the potential partners for Supporting Disastor awareness initiatives. They are Television Station, Schools, Colleges and Universities, Local Community Centers and groups, Religious Organisations, Youth Clubs, Health Centers, Hospitals, Sports Clubs, Libraries, Cinema Theatres, News Papers, Magazines, Red Cross and NGOs.

The Red Cross volunters in the affected communities learn ways to contact, motivate and disseminate cyclone preparedness awareness in their communities. Cyclone Drills and demonstations are to be frequently held by volunteers and local people and attended by many villagers in affected communities.

To raise awareness in villagers prone to cyclone disasters National Societies have engaged experienced dramatists to stage a drama depecting the significance of preparedness posters, leaflets and books are the regularly distributed to people in coastal areas. A special directive to fishermen have been published and distributed throughtout the cyclone affected communities. Before cyclone seasons a publicity compaign is organised with the cost officials.

**Behavioral Modification**

Through collective action, a community can alter the behaviour of individuals, resulting in some common risk reduction benefit. Voluntary behaviour modification measures are more difficult to implement than the regulatory measures. However through effective public education, behavioural modification is possible.

**Conclusion :**

Thus through community education and awareness, we can manage disaster. With the help of various agencies these life skills can be inculcated in to the commities which are prone to disasters. The lessons from Oekhi - the cyclonic storm are before us. The attitude of the people should change. Modern techniques should be adopted to reduce the gravity; and thereby the damages can be reduced to the minimum.

## SECRETS OF TEACHER CREATIVITY

IGNACIA
Research Scholars' Forum

1. Before teaching Abdulla, learn Abdulla
2. Involve a subconscious mind in teaching. Make teaching our passion
3. Create an atmosphere of mutual respect via support an activity; get involved with students in your school
4. Learning from Best teachers and Worst teachers
5. Be an expert action researcher
6. Involve all the intelligence (Gardner) in classroom
7. Output based learning experiences
8. Master-mind principle-Work as a team
9. Making use of resourceful peoplein our primary contact for refreshing our skills.
10. Developing a creative bend of mind
11. Develop an atmosphere of friendship and freedom
12. Have a sense of humor, smile and interact with students
13. Make handouts and tests visually attractive
14. Plan effective lessons – Make your lessons interesting, meaningful, and have them connect to personal experiences of students in your class
15. Offer praise – look for evidence of success and positive, constructive behavior



Scanned by CamScanner

അഭിമുഖം

# കർമ്മപഥത്തിൽ നവപാത തെളിച്ചുകൊണ്ട്

### മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ ശ്രീ. ജേക്കബ് ചാൾസ്

**1. ക്രിയാത്മകമായ അധ്യാപനത്തിലേയ്ക്കുള്ള സാറിന്റെ വളർച്ച ഒന്ന് ഓർത്തെടുക്കാമോ?**

ആർഷഭാരത സംസ്കാരത്തിൽ അടിയുറച്ച് നിന്ന് പടുത്തുയർത്തിയ മലങ്കര കത്തോലിക്കാ പ്രസ്ഥാനത്തിന്റെ ആദ്യ ശിൽപി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പാദസ്പർശമേറ്റ പുണ്യഭൂമിയാണ് മാർ ഈവാനിയോസ് വിദ്യാനഗർ. ഈ വിദ്യാഭ്യാസ സമുച്ചയത്തിൽ ഉൾപ്പെടുന്ന സെന്റ്. ഗൊരേത്തി സ്കൂൾ, സെന്റ്. ജോൺസ് മോഡൽ എച്ച്.എസ്.എസ്., മാർ ഈവാനിയോസ് കോളേജ്, മാർ തെയോഫിലസ് ട്രെയിനിങ് കോളേജ് എന്നിവിട ങ്ങളിൽ പഠിയ്ക്കുവാൻ സാധിച്ചത് മഹാഭാഗ്യം.



ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തിയ സ്കൂളിൽ അധ്യാപകനായി, പ്രഥമാധ്യാപകനായി സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ച ഒരുവൻ. ഈശ്വരാനു ഗ്രഹം, മാതാപിതാക്കളുടെ പ്രാർത്ഥന. സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായി വജ്രജൂബിലി വർഷം 2017 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി.

മാർ തെയോഫിലോസ് ട്രെയിനിങ് കോളേജിലെ 1986-87 ബാച്ച് ഫിസിക്കൽ സയൻസ് വിദ്യാർത്ഥിയാണ് ഞാൻ. ബഹുമാനപ്പെട്ട പ്രൊഫസർ മേരി മാത്യു ആയിരുന്നു ക്ലാസ്സ് ടീച്ചർ. അധ്യാപനത്തിന്റെ ബാലപാഠം തൊട്ടറിഞ്ഞ നാളുകൾ. ഒരു അധ്യാപക വിദ്യാർത്ഥിയെന്ന നിലയിൽ നേടിയ അറിവുകൾ കരുത്ത് നൽകി. അധ്യാപക പരിശീലനം നടത്തിയത് മണ്ണന്തല ഗവ. സ്കൂളിലായിരുന്നു. ഒരു അധ്യാപകന്റെ 'റോൾ' എന്താണെന്ന് മനസ്സിലാക്കിയ ദിവസങ്ങൾ. കുട്ടികളിലൂടെ തിരിച്ചറിഞ്ഞ പുത്തൻ അറിവുകൾ, അധ്യാപകരിലൂടെ കൈമാറിയ അനുഭവങ്ങൾ എന്നെ ഏറെ വളർത്തി.

**2. അധ്യാപകശൈലിയിലുള്ള മാറ്റങ്ങൾ വിലയിരുത്താമോ?**

ലോകം കണ്ട ഏറ്റവും നല്ല ഗുരുനാഥൻ ക്രിസ്തു തന്നെയാണ്. കഥകളിലൂടെ, ഉപദേശങ്ങളിലൂടെ, പ്രവർത്തനങ്ങളിലൂടെ സാധാരണ ജനങ്ങളെ പ്രബുദ്ധനാക്കിയ ഗുരു. മനുഷ്യനുവേണ്ട അടിസ്ഥാന ഗുണങ്ങൾ സത്യം, നീതി, സ്നേഹം, അഹിംസ എന്നിവയാണെന്ന് കാട്ടിത്തന്നത് നമ്മുടെ രാഷ്ട്ര പിതാവാണ്. ക്രിസ്തുവിനുശേഷം ലോകം കണ്ട നേതാവാണ് ഗാന്ധിജി. ശരിയാണ്. പഠിതാവിനെ അറിയുക എന്നതാണ് അധ്യാപനത്തിന്റെ ബാലപാഠം. ബോധനരീതികളിൽ വ്യത്യസ്തത പുലർത്തണം. കുട്ടികൾക്ക് വേണ്ടത് നൽകണം. ദിശാബോധം ഉണ്ടാകണം, ജീവിത വഴി കളിൽ വെളിച്ചമാകണം - അവന്റെ മനസ്സിൽ അവനറിയാതെ ഒരു സ്ഥാനം ഉണ്ടാകണം - അവ നെന്നും ഓർക്കണം. ശിക്ഷയുടെയും ഉപദേശത്തി ന്റെയും കാലം കഴിഞ്ഞു. നമ്മോടൊപ്പമാണ് കുട്ടി യുടെ സ്ഥാനം. അറിവിന്റെ കാര്യത്തിൽ നമ്മളെക്കാൾ പലപ്പോഴും അവനാണ് മുമ്പിലാണ്.

**3. ശിക്ഷകളെയും ശിക്ഷണത്തെയും പറ്റി എന്ത് പറയുന്നു?**

മാനസികവും ശാരീരികവുമായ ശിക്ഷകൾ കാലഹരണപ്പെട്ടു. കുട്ടികൾക്ക് ശിക്ഷയെ പേടിയില്ല. വീടുകളിൽ ശിക്ഷ നൽകുന്നുമില്ല. കൂട്ടുകുടുംബ ങ്ങളിൽ നിന്നും അണുകുടുംബങ്ങളിലേക്കുള്ള മാറ്റം കുട്ടിയിലും പ്രതിഫലിക്കുന്നു. പലപ്പോഴും കുട്ടിയെ ഒരു വ്യക്തിയായി നാം അംഗീകരിക്കുന്നില്ല. അവന്റെ വികാരവിചാരങ്ങൾ നാം അറിയുന്നില്ല. അവന്റെ സുഖദുഃഖങ്ങൾ നാം കാണുന്നില്ല. പ്രോത്സാഹനവും അംഗീകാരവും നൽകി നാം അവനെ കൂടെ കൂട്ടണം. അവന്റെ വീഴ്ചകളിൽ നാം കൈത്താങ്ങാകണം.

**4. മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ സാറിന് അഭിനന്ദനങ്ങൾ. എന്താണ് പ്രതികരണം?**

സംസ്ഥാന അധ്യാപക അവാർഡ് നേടിയത് ഈശ്വരാനുഗ്രഹവും ഭാഗ്യവും കൊണ്ടാണ്. ശരിയാണ്. അവാർഡിലൂടെ മാത്രമല്ല ഒരു മികച്ച അധ്യാപകനെ അളക്കുവാൻ സാധ്യമല്ല. സംസ്ഥാന അധ്യാപക അവാർഡ് നിർണ്ണയത്തിന് പല മാനദണ്ഡങ്ങൾ ഉണ്ട്. സ്കൂൾതല പ്രവർത്തനവും പൊതുരംഗത്തെ പ്രവർത്തനവും വ്യത്യസ്ത രീതിയിൽ വിലയിരുത്തപ്പെടുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല കമ്മിറ്റി വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നത്. അവാർഡ് ഉത്തരവാദിത്വം കൂട്ടുന്നു. പൊതുസമൂഹം എപ്പോഴും സൂക്ഷ്മതയോടെ വീക്ഷിക്കുന്ന ഒരു വ്യക്തിയായി മാറുന്നു.



Scanned by CamScanner

ഒരു തൊഴിൽ എന്നതിലുപരി അധ്യാപനം ഒരു വെല്ലുവിളിയാണ്. ഒരു തലമുറയെ വാർത്തെടുക്കുന്ന പവിത്രമായ ഒരു കർമ്മമാണിത്. സമൂഹം ആദരിയ്ക്കുന്നവനാണ് അധ്യാപകൻ.

**5. ആരാണ് സാറിന്റെ 'റോൾ മോഡൽ'?**

എന്റെ എല്ലാ ഗുരുക്കന്മാരും എന്നെ സ്വാധീനിച്ചിട്ടുണ്ട്. വ്യക്തി ജീവിതത്തിലും അധ്യാപനത്തിലും അവരെന്നും മാതൃകയായിരുന്നു. അധ്യാപികയായി സേവനം ആരംഭിച്ച് പ്രധാനാധ്യാപികയായി വിരമിച്ച എന്റെ അമ്മയാണ് 'റോൾ മോഡൽ'.

**6. പുതിയ അധ്യാപകർക്ക് എന്ത് ഉപദേശമാണ് നൽകുന്നത്?**

അധ്യാപനം പവിത്രമായ ഒരു കർമ്മമാണ്. ആ കർമ്മപഥത്തിൽ നാം എന്നും ഒന്നാമനാകണം. എന്നും ശരിയുടെ പക്ഷത്താവണം. നിലപാടുകളിൽ ഉറച്ചു നിൽക്കണം. പ്രതികരണശേഷിയുള്ളവരാകണം. നമ്മുടെ ഓരോ ചലനവും വാക്കുകളും കുട്ടികൾ സൂക്ഷ്മതയോടെ വീക്ഷിക്കും. മുൻവിധികൾ ഒഴിവാക്കണം. മാതാപിതാക്കളും ജീവിത പശ്ചാത്തലവും കുട്ടിയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിയ്ക്കുന്നുണ്ട്. അധ്യാപകന് അതുകൊണ്ട് തന്നെ പലപ്പോഴും തെറ്റുകൾ സംഭവിയ്ക്കുന്നു. പരിശ്രമത്തിലൂടെ അത്ഭുതങ്ങൾ നടക്കുന്നു. പലപ്പോഴും പിന്നീട് മുൻനിരക്കാർ പിൻനിരക്കാർ ആകുന്നതും, പിൻനിരക്കാർ മുൻനിരക്കാർ ആകുന്നതും നാം കാണാറുണ്ട്. ശിഷ്യസമ്പത്താവണം ഏറ്റവും വലിയ സമ്പത്ത്.



അഭിമുഖം നടത്തിയത്
**- ശ്രീശങ്കർ എ.ജെ.**



ഷോബിൻ കണ്ണങ്കാട്ട്
(2013-14 ബാച്ച്)
ചലച്ചിത്രഗാനരചയിതാവ്

**ആദർശം**

ഏവർക്കുമിഷ്ടം -
കടലാസിൽ കുത്തിക്കുറിക്കാനും
പ്രസംഗത്തിൽ നിരത്താനും
അതിൽ, ചിലർക്കുമിഷ്ടം -
നിഴലായ് കൂട്ടാനും
തണലായ് നിർത്താനും

**തിരിച്ചറിവ്**

അറിവ് പൂവാണെങ്കിൽ
പൂമണം തിരിച്ചറിവ്
എല്ലാ പൂക്കളും
പൂമണം പരത്തണമെന്നില്ല.

**ജന്മം**

ഓരോ ജന്മവും ഓരോ കവിതയാണ്
തുടർബന്ധം കുറിച്ചിടുന്ന കവിതകൾ

## *Inspirational quotes on education*

- It is the mark of an educated mind to be able to certain a thought without accepting it – Aristotle
- Nothing ever becomes real till it is experienced- John Keats
- Education is not preparation for life; education is life itself- John Dewey
- Education is the most powerful weapon which you can use to change the world- Nelson Mandela
- He who opens a school door, closes a prison – Victor Hugo
- An investment in knowledge pays the best interest- Benjamin Franklin
- Education is what remains after one has forgotten what one has learned in school – Albert Einstein
- The power of concentration is the only key to the treasure house of knowledge- Swami Vivekananda
- Teaching is a noble profession that shapes the character, calibre and future of an individual. If the people remember me as a good teacher that will be the biggest honour for me. - A.P.J. Abdul Kalam



**Soumya D.E.**
Research Scholar

# ഭയപ്പെട്ട കുട്ടിയും തേങ്ങാപ്പുട്ടും

ഡോ. ജോജു ജോൺ

റിസൾട്ടിന്റെ തലേന്ന് ഒരു കുട്ടി ഒളിച്ചോടി. മാതാപിതാക്കളും അധ്യാപകരും ബന്ധുസ്വന്ത മിത്രാദികളും ആശങ്കപ്പെട്ടു. കുട്ടിയെവിടെപ്പോയി? ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൻ വിദൂരത്തൊരു സ്ഥലത്തു നിന്ന് ഫോൺ ചെയ്തു. പെട്ടെന്ന് ഒരു കാർ തരപ്പെടുത്തി മാതാപിതാക്കൾ കുട്ടിയുടെ അടുത്തെത്തി മാതാപിതാക്കൾ മണിക്കൂറുകൾ സഞ്ചരിച്ച് ഓടിച്ചെന്ന് മുത്തം വച്ച് വാരിപ്പുണർന്നു. എല്ലാവരും കരഞ്ഞു. മകനും അമ്മയും അപ്പനും.

ഈ കുട്ടിയെ ഞാൻ പരിചയപ്പെട്ടു. ഞാൻ ചോദിച്ചു. എന്താ മോനേ വീടു വിട്ടു പോയത്? അവൻ പറഞ്ഞു: "ഗണിതം എനിക്ക് പഠിക്കാൻ ബുദ്ധിമുട്ടാണ് ചേട്ടാ ! പരീക്ഷ പാടായിരുന്നു. അമ്മയോട് ഞാൻ പറഞ്ഞു-കണക്കു പാടായിരുന്നു അമ്മാ." അമ്മ പറഞ്ഞു: "റിസൾട്ട് വരട്ടെ അപ്പോൾ ഞാൻ കാണിച്ചു തരാം." ഞാൻ ഭയപ്പെട്ടു. ഇനി ചട്ടുകം പഴുപ്പിച്ചെങ്ങാനും വയ്ക്കുമോ അമ്മ. അപ്പനോടും പറഞ്ഞു "അപ്പാ കണക്ക് പാടായിരുന്നു." അപ്പൻ എന്നെ രൂക്ഷമായി നോക്കി. കണക്കു മാഷിനെ ഫോൺ വിളിച്ചു. സങ്കടം പറഞ്ഞു. മാഷ് പറഞ്ഞു: "നീയെന്നെ നാറ്റിക്കുമോടാ..." റിസൾട്ടറിയുന്നതിന്റെ തലേദിവസം ഞാൻ പേടിച്ചോടിപ്പോയതാ ചേട്ടാ... തെല്ലു നൊമ്പരത്തോടെ ഞാനവനോട് ചോദിച്ചു. മോനേ നിന്നെ തിരിച്ചുകിട്ടിയപ്പോൾ അമ്മ എന്തു പറഞ്ഞു? ചേട്ടാ ഞാൻ പേടിയോടെ അമ്മയോട് ചോദിച്ചു ഞാൻ ജയിച്ചോ അമ്മാ? അമ്മയെന്നെ കെട്ടിപിടിച്ച് ഉമ്മ വച്ച് പറഞ്ഞു: "ജയിച്ചാലെന്താ തോറ്റാലെന്താ .... എന്റെ മോനേ തിരിച്ചു കിട്ടിയല്ലോ. അമ്മയ്ക്കതുമതി."

പ്രിയപ്പെട്ടവരെ, ഈ പരിപാടി നമ്മൾ നിർത്തണം. ഇല്ലം ചുട്ട് എലിയെ പിടികൂടുന്ന ഈ പരിപാടി. നമ്മുടെ കുഞ്ഞുങ്ങളെ മാനസിക സമ്മർദ്ദത്തിനടിപ്പെടുത്താതെ വളർത്താം. അവരുടെ മാർക്ക് ഒട്ടും പിടിക്കാതെ വന്നാൽ പെട്ടെന്ന് ശാന്തതവരാൻ ഒരു കുറുക്കുവഴിയുണ്ട്. പഴയ ഫയൽ തുറന്ന് നമ്മുടെ **SSLC** യുടെയും **PDC** യുടെയും മാർക്ക് ഒന്നു നോക്കിയാൽ മതി.



അമ്മ പുട്ടുണ്ടാക്കി. മകൻ കഴിച്ചു. പുട്ട് പോരാ. തേങ്ങക്ക് നല്ല രുചി. അവൻ അമ്മയോട് പറഞ്ഞു. ഒരു തേങ്ങ പുട്ട് ഉണ്ടാക്കി തരു അമ്മേ. അമ്മ പാവം ഒരു തേങ്ങ പുട്ടുണ്ടാക്കി അവനു കൊടുത്തു. നല്ല രുചി. മകൻ കുശാലായിട്ടു കഴിച്ചു. അടുത്ത ദിവസം കുട്ടി വാശി പിടിച്ചു തേങ്ങ പുട്ട് മതി. കുട്ടിയുടെ വാശിതന്നെ ജയിച്ചു. പക്ഷേ അന്നു വൈകുന്നേരം വയറിനസുഖമായി. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു.

പുട്ട് തിന്നാനുള്ള സഹായമാണ് ഇടക്കിടുന്ന തേങ്ങ.പുട്ട് മാറ്റി വച്ച് തേങ്ങ മാത്രം തിന്നാലോ - ഇന്നിന്റെ ഒരു ദുരന്തമാണിത്. കാതലുള്ള കാര്യങ്ങൾ നല്ല വായന, നല്ല ചർച്ച, സത്സംഗം ഇവ ആർക്കും വേണ്ട. എല്ലാവർക്കും വിനോദം മതി. വിജ്ഞാനമാണ് പുട്ട് വിനോദമാണ് തേങ്ങ. പഠനത്തിനും വായനക്കും ചിന്തക്കും ഇടയിൽ മനസ്സിനെ ഒന്നു fresh ആക്കാൻ അല്പം വിനോദം നല്ലതുതന്നെ. All study and no play will make jack a dull boy. എന്നാൽ കിട്ടുന്ന സമയം മുഴുവൻ whatsapp ലും, facebook ലും, youtube ലും, computer games ലും സമയം കളഞ്ഞാൽ നാം എത്തേണ്ടിടത്തെത്തില്ല. തീർച്ച.

ക്രിക്കറ്റ് ഒരു നല്ല കളിതന്നെ. രസമാണ് കാണാൻ കളിക്കാനും. ഇന്ത്യയിൽ ക്രിക്കറ്റ് ഒരു ഹരമായി വളർന്നു. എന്നാൽ പഠിക്കുന്ന ഒരു കുട്ടിയോ, ഒരു ഡോക്ടറോ, എൻജിനിയറോ, ടീച്ചറോ, ബാങ്ക് ഉദ്യോഗസ്ഥനോ-രാവിലെ മുതൽ വൈകുന്നേരം വരെ ക്രിക്കറ്റ് കണ്ടാൽ പഠനത്തിൽ പരാജയം വരും. സർജറി നടക്കാതെ ഒരു മരണം സംഭവിച്ചേക്കാം, പാലംപണി വൈകും, കുട്ടികൾ ക്ലാസ്സിൽ ഒന്നും ചെയ്യാനില്ലാതെ ഇരിക്കും, ഒരു ബാങ്ക് ലോൺ കിട്ടാൻ വൈകും.

നമ്മുടെ ധർമ്മവും കർമ്മവും മറന്ന് വിനോദത്തിനായി ജീവിക്കരുത്. വിനോദം വേണം. പുട്ടിനിടക്കുള്ള തേങ്ങപീരപോലെ. എന്റെ പ്രിയ സുഹൃത്തേ, അമ്മയോട് "എനിക്കിന്ന് ഒരു തേങ്ങാപ്പുട്ട് മതി" എന്നു പറഞ്ഞത് താങ്കളാണോ?



Scanned by CamScanner

# തെയോഫിലോസിന്റെ പ്രിയങ്കരി

അച്ചാമ്മ ടീച്ചർ

**1. മാർ തിയോഫിലസ് കോളേജിലേക്ക് ഒരു തിരിച്ചുവരവ് എന്നെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ?**

മാർ തിയോഫിലസിൽ വളരെ സന്തോഷവതിയായാണ് ഞാൻ അധ്യാപനം നടത്തിയിരുന്നത്. 55-ാം വയസ്സിലെ റിട്ടയർമെന്റിനു ശേഷം തീർച്ചയായും അവിടെ തുടർന്ന് പഠിപ്പിക്കുവാൻ എനിക്ക് താത്പര്യമുണ്ടായിരുന്നു. റിട്ട. ലിറ്ററേച്ചർ പ്രൊഫ. സാറായ എന്റെ ഹസ്ബന്റിന്റെ നാട്ടിലോട്ട് ചേക്കേറിയ ശേഷം അധ്യാപന പാതയിലേക്ക് പിന്നീട് വന്നിട്ടില്ല. എന്നിരുന്നാലും, മാർ തിയോഫിലസ് സന്തോഷം നിറഞ്ഞ നിമിഷങ്ങൾ മാത്രമേ സമ്മാനിച്ചിട്ടുള്ളു. ഞാൻ ജനിച്ചു വളർന്നതും പഠിച്ചതും പഠിപ്പിച്ചതും തിരുവനന്തപുരത്തായതുകൊണ്ടുതന്നെ ഈ നാടുമായാണ് എനിക്ക് ആത്മബന്ധം. സാഹചര്യ ങ്ങൾ കൊണ്ട് അവിടെ നിന്ന് മാറേണ്ടി വന്നതാണ്.



**2. പഠിപ്പിച്ച കാലത്തെ വിദ്യാർത്ഥികളെക്കുറിച്ച്?**

പൊതുവേ എന്റെ വിദ്യാർത്ഥികളോടെല്ലാം എനിക്ക് സ്നേഹമായിരുന്നു. അവർക്കും തിരിച്ച് അങ്ങനെ തന്നെയാണ് എന്നാണ് എന്റെ വിശ്വാസം. പലരും ഞാൻ റിട്ടയർ ചെയ്തപ്പോൾ സങ്കടപ്പെട്ടിരുന്നു. ചിലർ, അമ്മയെപ്പോലെയാണെന്നും മൂത്ത ചേച്ചിയെപ്പോലെയായിരുന്നു എന്നൊക്കെ പറയാറുണ്ട്. പ്രാക്ടിക്കൽ ലൈഫിൽ വിദ്യാർത്ഥികൾക്ക് ഒരുപാട് ഉപദേശങ്ങൾ ഞാൻ കൊടുത്തിട്ടുണ്ട്. അതൊക്കെ അവർക്ക് പ്രയോജനപ്രദമാണെന്ന് അവർ പറയാറുണ്ടാ യിരുന്നു. എന്റെ കുട്ടികളോട് ഞാൻ എപ്പോഴും പറയാറുള്ള ഒരു കാര്യമുണ്ട്. ഒരു അധ്യാപകന് ലഭിക്കാവുന്ന ഏറ്റവും വലിയ സമ്മാനം എന്നത് അനേകം കുട്ടികൾ സ്നേഹത്തോടെ തന്നെ ഓർക്കുക എന്നതാണ്. ദൈവകൃപയാൽ അതിൽ ഞാൻ ഭാഗ്യവതിയാണ്.

**3. മാർ തിയോഫിലസിലെ മറക്കാനാവാത്ത അനുഭവങ്ങൾ നിറഞ്ഞ ആ കാലഘട്ടമൊന്ന് ഓർത്ത് പറയാമോ?**

മാർ തിയോഫിലസിൽ ഒരു അധ്യാപിക എന്ന നിലയിൽ എനിക്ക് സന്തോഷം പകരുന്ന ഒരുപാട് അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നിരവധി കുട്ടികളുടെ പലവിധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവരെ നേർവഴിക്ക് നടത്താനുമൊക്കെ കഴിഞ്ഞതിൽ ഞാൻ സന്തോഷവതിയാണ്. എന്റെ അധ്യാപക പഠനം നടന്നതും മാർ തിയോഫിലസിലായിരുന്നു. അന്ന് എന്നെ നാച്ചുറൽ സയൻസ് പഠിപ്പിച്ചത് ജോസ് മാത്യു സർ ആയിരുന്നു. ഞാൻ അധ്യാപികയായി വന്നപ്പോൾ അവിടത്തെ പ്രിൻസിപ്പാൾ ആയിരുന്നത്. മാത്രമല്ല എന്റെ സഹപാഠികളായിരുന്ന മുത്തലച്ചനും സിസ്റ്റർ ഡാനിസ് ജോസും അവിടെ എന്റെ സഹഅധ്യാപകരായിരുന്നു. എന്റെ ജൂനിയറായി പഠിച്ച മേരിക്കുട്ടി ടീച്ചറും സൂസൻ ജോസഫും അന്നവിടെ അധ്യാപകരായിരുന്നു. അന്നത്തെ സ്റ്റാഫ് റൂമിൽ ഞങ്ങൾ നാലുപേരും ഉച്ചയ്ക്ക് ഊണ് കഴിക്കുന്ന സമയമായിരുന്നു ഓർക്കുമ്പോൾ രസകരമായി തോന്നുന്നത്. നാലു പേർക്ക് കഷ്ടിച്ച് മാത്രമേ ആ ചെറിയ ഊൺമേശയിലിരുന്നു കഴിക്കു വാൻ സാധിക്കുകയുള്ളുവായിരുന്നു. കഴിക്കുന്ന നേരം ഓരോരോ തമാശകൾ പറഞ്ഞ് ചിരിക്കുക പതിവായി രുന്നു. മിക്കപ്പോഴും ഇന്റർവെൽ കഴിയാറാകുമ്പോഴേ കഴിച്ചു തീരാറുള്ളു. അന്ന് ഹിസ്റ്ററി പഠിപ്പിച്ചിരുന്ന തോമസ് സാറിന്റെ തമാശകളും ഒക്കെ ചേർന്ന് അന്നത്തെ സ്റ്റാഫ് റൂം സന്തോഷത്തിന്റെ ഒരിടം കൂടിയായിരുന്നു. അത്രയ്ക്കും രസകരമായിരുന്നു തിയോഫിലസിലെ അധ്യാപന ജീവിതം. ഇന്നിപ്പോൾ ആ കൂട്ടുകെട്ടിൽ സൂസൻ ടീച്ചർ മാത്രം ഇപ്പോഴും തിരുവനന്തപുരത്തുണ്ട്. ബാക്കി രണ്ടുപേരും ഇക്കഴിഞ്ഞ വർഷങ്ങളിൽ നമ്മെ വിട്ടുപോയി.

**4. ടീച്ചറിന് പുതിയ തലമുറയിലെ അധ്യാപകരോടും അധ്യാപക വിദ്യാർത്ഥികളോടും പറയാനുള്ള സന്ദേശം എന്താണ്?**

ഇപ്പോഴത്തെ കരിക്കുലവും കോഴ്സും എങ്ങനെയാണെന്നതിനെക്കുറിച്ച് എനിക്ക് ആഴത്തിൽ അറിവില്ല. എന്നിരുന്നാലും അധ്യാപകരോടും വിദ്യാർത്ഥികളോടും എനിക്ക് പറയാനുള്ളത്, പണ്ട് പഠിപ്പിക്കുന്ന കാലത്ത് ഞാൻ പറയാറുള്ളത് തന്നെയാണ്. പഠിപ്പിക്കാൻ പോകുന്ന ഒരു ടീച്ചർ ഉറപ്പായും തന്റെ പ്രൊഫഷനെ ഇഷ്ടപ്പെടണം, തന്റെ സബ്ജക്ടിനെ ഇഷ്ടപ്പെടണം, പഠിപ്പിക്കുന്ന കുട്ടികളെയും ഇഷ്ടപ്പെടണം. Love your profession, love your subject and love your pupil. സ്നേഹിക്കുമ്പോൾ നമ്മൾ

സ്നേഹിക്കുന്ന ആളിന് നമ്മളാൽ കഴിയുന്ന എന്ത് കൊടുക്കാൻ കഴിയും എന്നാണ് ചിന്തിക്കുക. അതുപോലെ ഒരു ടീച്ചറിന് തന്റെ കുട്ടിയെ സ്നേഹിക്കുമ്പോൾ അവന് കൊടുക്കാൻ കഴിയുന്നത് അറിവാണ്. പഠിപ്പിക്കുന്ന വിഷയത്തിന്റെ അറിവ് മാത്രം കൊടുക്കുന്ന ആളല്ല ഒരു ടീച്ചർ. കൂടുതൽ സമയം സ്കൂളിൽ ചിലവിടുന്ന ഒരു കുട്ടിക്ക് പ്രാക്ടിക്കൽ ലൈഫിലെ അറിവുകൾ പകർന്ന് നൽകാൻ രക്ഷകർത്താക്കളേക്കാൾ ഒരുപക്ഷേ, കഴിയുക ടീച്ചറിനാണ്. എന്റെ സ്കൂൾ കാലഘട്ടത്തിലെ ടീച്ചേഴ്സ് അങ്ങനെയായിരുന്നു. ക്ലാസ്സിൽ ഒരുപാട് നല്ല പാഠങ്ങൾ ടീച്ചേഴ്സ് ഞങ്ങൾക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഇന്നത്തെ ടീച്ചേഴ്സിന് പക്ഷേ പരിമിതികളുണ്ട്. കുട്ടികളുടെ എണ്ണത്തിലും, പാഠഭാഗങ്ങളിലുമുണ്ടായ വർദ്ധനവ് കാരണം ഓരോ കുട്ടിയെയും, അവരുടെ ചുറ്റുപാടുകളെയും കുറിച്ച് അറിയുവാൻ ഇപ്പോഴത്തെ അധ്യാപകർക്ക് കഴിഞ്ഞെന്നു വരില്ല. എന്നിരുന്നാലും ഉയർന്ന റാങ്കിൽ മാത്രം ഊന്നൽ കൊടുക്കാതെ തന്റെ മുന്നിലിരിക്കുന്ന കുഞ്ഞുങ്ങൾക്ക് ദൈവം വരദാനമായി കൊടുത്ത കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ ഓരോ അധ്യാപകരും ശ്രദ്ധിക്കണം. മാത്രമല്ല, ഒന്നു വഴക്കു പറഞ്ഞാലോ, മാർക്ക് കുറഞ്ഞാലോ ഉടനെ ആത്മഹത്യയ്ക്ക് ഒരുങ്ങുന്ന കുഞ്ഞുങ്ങളാണ് ഇന്നത്തെ പുതുതലമുറയിലുള്ളത്. അവരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ പല കുഞ്ഞുങ്ങളുമായി ഇടപഴകാൻ സാധിക്കുന്ന ഒരു ടീച്ചറിനു മാത്രമേ കഴിയൂ. കോത്താരി കമ്മിഷന്റെ റിപ്പോർട്ടിൽ പറഞ്ഞ "Destiny of India is being shaped in our classroom" എന്ന വാചകത്തെ "Destiny of India is being shaped by teachers" എന്ന് തിരുത്താനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.



അഭിമുഖം നടത്തിയത്

**വിഷ്ണുപ്രിയ**

Memories

# യുവത്വം നിലനിർത്തുന്ന ഓർമ്മകൾ

ഡോ. എസ്തർ ഗ്ലാഡിസ്, റിട്ട. പ്രിൻസിപ്പൾ (1990-91 ബാച്ച്)

ഇരുപത്തിയെട്ട് വർഷങ്ങൾക്ക് മുമ്പ് പരിചയപ്പെട്ട അധ്യാപകർ, കൂടെ പഠിച്ചവർ, പഠിപ്പിച്ച കുട്ടികൾ, കണ്ടുമുട്ടിയ വ്യക്തികൾ, ഇന്റർനെറ്റും വാട്ട്സാപ്പും ഫെയ്സ് ബുക്കും ഇല്ലാത്ത കാലം മുതൽ കൈവിടാത്ത സൗഹൃദങ്ങൾ ഇവയാണ് ഈ അറുപതാം വയസ്സിലും യുവത്വം നിലനിർത്താൻ എന്നെ സഹായിക്കുന്നത്. എവിടെ നിന്ന് തുടങ്ങണം എന്നറിയില്ല. ഈ ക്രിസ്തുമസ്സിനും പുതുവർഷപ്പുലരിയിലും പതിവുതെറ്റാതെ എന്റെ പ്രിയപ്പെട്ട ടീച്ചറായ അച്ചാമ്മ ടീച്ചറിനെ വിളിച്ചു. ബീയെഡിന്റെയും എംഎഡിന്റെയും മാറ്റങ്ങൾ ചർച്ചാവിഷയമായി. ഈ ക്രിസ്തുമസ്സിന് ടീച്ചർ ഒത്തിരി സന്തോഷത്തിലായിരുന്നു. അമേരിക്കയിലുള്ള രണ്ട് മക്കളും കുടുംബാംഗങ്ങളും ഒത്തു ചേർന്നാൽ സന്തോഷിക്കാതിരിക്കാൻ പറ്റില്ലല്ലോ.

സിസ്റ്റർ ദീപയുടെ സ്നേഹം കൂടുതൽ മനസ്സിലായത് റിട്ടയർമെന്റിന് ശേഷമാണ്. ഇടയ്ക്കിടയ്ക്ക് എന്നെ വിളിയ്ക്കും. പ്രാർത്ഥന വാഗ്ദാനം ചെയ്യും. പുതുവർഷത്തിനും ക്രിസ്തുമസ്സിനും കിട്ടിയ ആശംസകൾ എനിക്കൊത്തിരി സന്തോഷം തന്നു. പതിവുപോലെ ഞങ്ങളുടെ സൈക്കോളജി പ്രൊഫസർ പ്രിയപ്പെട്ട ജോൺ സാറിന് ക്രിസ്തുമസ് കാർഡ് എഴുതി വച്ചു. പക്ഷേ അത് അയയ്ക്കാൻ സാധിച്ചില്ല. സാധാരണ എന്റെ ആശംസാ കാർഡിന് മറുപടിയായി ജോൺ സാറിന്റെ ഗഹനമായ ചിന്തകളടങ്ങിയ ഒരു മറുപടി കത്തു കിട്ടും. അത് കിട്ടാതെ പോയ വർഷമാണ് 2018.



ഇതൊക്കെ പോരെ എനിയ്ക്ക് സന്തോഷത്തോടെ ജീവിയ്ക്കാൻ. ഒരു വിദ്യാർത്ഥിയായും അധ്യാപികയായും പ്രിൻസിപ്പലായും തെയോഫിലസിൽ ജീവിക്കാൻ അനുഗ്രഹിച്ച ദൈവത്തിന് നന്ദി. ജീവിതത്തിൽ ഒരു ഉണർവ്വും ഉന്മേഷവും നിലനിർത്താൻ നമുക്ക് എന്തെങ്കിലും ഒന്ന് വേണം. മറ്റൊന്നുമല്ല തെയോസ തന്നെ. എന്റെ പ്രിയ കൂട്ടുകാരേ, തെയോസ ഒരിക്കലും മുടക്കരുത്. നമ്മുടെ ടൂറും. നിങ്ങളെ എല്ലാവരെയും തെയോസായ്ക്ക് തെയോഫിലസിന്റെ തിരുമുറ്റത്ത് ഒരിയ്ക്കൽ കൂടെ കാണാം എന്ന ആഗ്രഹത്തോടെ, പ്രാർത്ഥനയോടെ, നല്ല ആശംസകളോടെ എന്റെ വാക്കുകൾ ചുരുക്കുന്നു.



Scanned by CamScanner

Article

# അധ്യാപനം - സ്നേഹത്തിലൂന്നിയ ശിക്ഷണത്തിലൂടെ

ഫെലിഷ്യ ജോൺ

"നല്ല അധ്യാപകരെ മാതാപിതാക്കളെക്കാൾ കൂടുതൽ ബഹുമാനിക്കണം. ജീവൻ നൽകുന്നതിനേക്കാൾ മഹത്തരമാണ് നന്നായി ജീവിക്കുവാനുള്ള കല പഠിപ്പിക്കുന്നത്." അരിസ്റ്റോട്ടിലിന്റെ വാക്കുകളാണിത്. അമ്മയുടെ ഉദരത്തിൽ നിന്നാരംഭിക്കുന്ന വിദ്യാഭ്യാസം മരണത്തോളമെത്തുമ്പോൾ, സ്നേഹ മെന്ന ശിക്ഷണം ആദ്യം ദർശിക്കുവാൻ സാധിക്കുന്നത് അമ്മയെന്ന ആദ്യ അധ്യാപികയിലൂടെയാണ്. സ്നേഹമെന്ന മാസ്മരികശക്തിക്ക് ശിക്ഷിക്കുവാൻ അധികാരമുണ്ട്.

**ഭാരതീയ പാരമ്പര്യം - ലോക മാതൃക**

ഗുരു-ശിഷ്യ ബന്ധത്തിന് ഇത്രയധികം അർത്ഥവും വ്യാഖ്യാനങ്ങളും നൽകിയ മറ്റൊരു രാജ്യവും ലോകത്തുണ്ടാകില്ല. ഗുരുവിന് തന്റെ 'വിരൽ' ദക്ഷിണയായി നൽകുന്ന ശിഷ്യൻ, പുരാതന ഭാരതീയ സംസ്കാരത്തിന്റെ വിലപ്പെട്ട മാതൃകയാണ്. സമൂഹം പുരോഗമിച്ചപ്പോഴും അധ്യാപനം സ്നേഹ ശിക്ഷണത്തിലും സഹനത്തിലും ക്ഷമയിലും അടിസ്ഥാനപ്പെടുത്തി മുന്നേറിക്കൊണ്ടിരുന്നു എന്നതിനു തെളിവാണ് ശ്രീബുദ്ധനും വർദ്ധമാന മഹാവീരനും ഗുരുനാനാക്കും. ഗാന്ധിയൻ ആശയങ്ങൾ ലോകത്തെമ്പാടും വെളിച്ചം വീശിയതിന്റെ സുപ്രധാന കാരണം അധ്യാപനരീതി തന്നെയാകണം. അദ്ദേഹം പറഞ്ഞു - വേദനിപ്പിക്കുന്നതാകരുത് വിദ്യാഭ്യാസം. ശിശുവിനെ അറിഞ്ഞു ശിക്ഷണം നൽകണം.

**'അധ്യാപനം ശിക്ഷണം' - വർത്തമാനകാല കാഴ്ചപ്പാടിൽ**

തൂവെള്ള നിറമുള്ള ഒരു കടലാസുപോലെയാണ് ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിന്റെയും മനസ്സ്. അതിലേക്ക് സ്നേഹ വർണങ്ങളാകുന്ന ചായങ്ങളാണ് അധ്യാപകർ പകർത്തേണ്ടത്. ജീവിതാവസാനം വരെ ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മകളാണ് വിദ്യാർത്ഥി ജീവിതത്തിൽ അവർക്കു ലഭിക്കേണ്ടത്. ഇന്നത്തെ കാഴ്ചപ്പാടിൽ, ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യൻ ഭരണകർത്താക്കൾ വിദ്യാഭ്യാസനയങ്ങളെ എത്രത്തോളം ഉയർത്തിയിരുന്നു എന്നതിന് ഉദാഹരണമാണ് ഡോ. എസ്. രാധാകൃഷ്ണൻ, രാജീവ് ഗാന്ധി, ഡോ. എ.പി.ജെ. അബ്ദുൾ കലാം, ജോസഫ് മുണ്ടശ്ശേരി തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ.

രാജീവ് ഗാന്ധി മുന്നോട്ടു വച്ച 'Operation Black Board', 1988 ലെ 'സാക്ഷരതാ മിഷൻ', 4-ാം ക്ലാസ്സ് തുല്യത നേടികൊടുക്കുന്ന 'അതുല്യം' പദ്ധതി, കമ്പ്യൂട്ടർ സാക്ഷരത പദ്ധതി ആയ 'അക്ഷയ' തുടങ്ങിയവയുടെയെല്ലാം വിജയം ഭാരതീയ അധ്യാപക സങ്കൽപ്പത്തിന്റെയും ശിക്ഷണരീതിയുടെയും വിജയമാണ്.



**വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രസക്തി**

വിദ്യാഭ്യാസത്തിലൂടെ അറിവ് അല്ല, തിരിച്ചറിവാണ് നൽകേണ്ടത്. എന്നാൽ മാത്രമേ, ചുറ്റുമുള്ളവരുമായുള്ള വൈകാരിക ബന്ധത്തിന് അർത്ഥമുണ്ടാകൂ. 2009 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം 2010 ഏപ്രിൽ 1 ന് നിലവിൽ വന്നപ്പോൾ, വിദ്യാഭ്യാസം ശിശുവിന്റെ മൗലിക അവകാശവും രക്ഷകർത്താക്കളുടെ മൗലിക ചുമതലയുമായി ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 21[A] ൽ ഉൾപ്പെടുത്തി. എന്നാൽ വിദ്യാഭ്യാസം നിയമ അവകാശം ആയി മാറിയപ്പോൾ ശിക്ഷണത്തിനും നിയമപരമായ ചട്ടക്കൂടുകൾ രൂപപ്പെടുകയുണ്ടായി. അവ ഗുണത്തേക്കാളേറെ ദോഷമുണ്ടാക്കി എന്നുള്ളതിൽ സംശയിക്കേണ്ടതില്ല. അധ്യാപനത്തിന്റെ പവിത്രതയും ശിക്ഷണത്തിന്റെ മാഹാത്മ്യവും അവിടെ ചോദ്യം ചെയ്യപ്പെട്ടു. എന്നിരുന്നാൽ തന്നെയും അധ്യാപകന്റെ ജീവിതാവസാനം വരെ തുടരുന്ന വിദ്യാഭ്യാസത്തിന്റെ ഭാഗമാകുവാൻ ഇന്ന് ഓരോ വിദ്യാർത്ഥിയും പൂർണ മനസ്സോടുകൂടി പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അവിടെ നൽകപ്പെടുന്ന ഓരോ തിരുത്തലുകളും അതിന്റെ പൂർണതയിൽ ജീവിതത്തിലേക്കു പകർത്തപ്പെടുന്നു എന്നതിന്റെ തെളിവുകളാണ് കേരളം സമ്പൂർണ സാക്ഷരത നേടിയതും കേരളം സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിച്ചതും.

**അധ്യാപക വിദ്യാർത്ഥി എന്ന നിലയിൽ........**

"അമിതമായി നാം ആഗ്രഹിക്കുന്നതെന്തും നമ്മുടെ ഭാഗമായിത്തീരും" എന്ന് ഹെലൻ കെല്ലർ പറഞ്ഞതുപോലെ, നമ്മുടെ അധ്യാപന സ്വപ്നങ്ങളിൽ സ്നേഹത്തിന്റെ അംശം അലിയിച്ചു ചേർക്കാൻ കഴിയട്ടെ. ഓരോ കുട്ടിയെയും പ്രചോദിപ്പിക്കുന്ന തരത്തിൽ, വയ്ക്കുന്ന ഓരോ ചുവടിലും മറ്റുള്ളവർക്ക് പിന്തുടരാൻ പറ്റുന്ന ഒരു മുദ്ര അവശേഷിപ്പിക്കണം. ഓരോ അധ്യാപകവിദ്യാർത്ഥിക്കും അത്തരമൊരു "സ്നേഹമുദ്ര" അധ്യാപക ജീവിതത്തിലൂടെ അവശേഷിപ്പിക്കുവാൻ സാധിക്കട്ടെ......

# Memories



## SHAPING YOUNG MINDS & MOULDING FUTURE CITIZENS...

**Dr. Sheeba M.N.**
[1996-97 Batch]
(THEOSA UAE Chapter)

Mar Theophilus Training College, my beloved alma mater always cherishes me with fond memories. I strongly believe that the sound and firm education I received from this great institution through my devout and exemplary teachers was the epic milestone in my professional growth. MTTC sprouts the hidden potentials of its students who are bestowed with the responsibility of moulding future generations into great leaders. I believe in the words of Robert Collier- "Success is the sum of small efforts, repeated day in and day out".

I am hopeful that teachers, the product of MTTC, take responsibility of shaping young minds with a perspective. Sharp focus on their academic achievements, as well as their personal, social and emotional well-being, creates a positive environment where the students scale the ladder of success and their strengths and talents are celebrated.

I am proud to reveal that we, Theophilites, continue to prepare our students for life. With the blessings of the Almighty, we will realize our dream of moulding the future citizens as physically strong, mentally alert, emotionally stable, culturally sound, socially effective and virtuous human beings. We pride ourselves to help them grow and develop into sensitive and responsible citizens of the next generation. The flames of the candle passed on during the farewell function at MTTC will be held in high reverence. The legacy continues...

**Congratulations**

**Muhammad Yassim** (Son of Dr. Sheeba M.N. won Sceince Fest Exibhition Championship Our Own Public School, Dubai.)

## ഓർമ്മയിലെ മാണിക്യച്ചെപ്പ്

ദീപ നരേൻ



വേനൽ ചൂടേറ്റ് തിളങ്ങിയ റോഡിലൂടെ കാർ പതിയെ ഗേറ്റ് കടന്ന് ആ വലിയ കോമ്പൗണ്ടിലെത്തി. പഴയ ഓർമ്മകളുടെ പടി ചവുട്ടി മാർ തെയോഫിലസ് കോളേജിന്റെ വരാന്തയിലൂടെ നടന്നു നീങ്ങി. പരിചയമില്ലാത്ത മുഖങ്ങളിൽ പോലും പുഞ്ചിരി തൂകി വരവേൽക്കുന്ന സൗഹൃദ മിഴിക്കോണുകൾ. സ്നേഹാശ്രുക്കളോടെ M.Ed ഉദ്ഘാടന ചടങ്ങുകളുടെ നിറപകിട്ടാർന്ന വേദിയിലേക്ക് നടന്നു നീങ്ങി.

കണക്കിന്റെ മാസ്മരികലോകത്തേക്ക് കൂട്ടികൊണ്ടുപോയ കാരുണ്യസിസ്റ്ററുടെ ഓർമ്മകളിലേക്ക് ഞാൻ മടങ്ങി. B.Ed. ക്ലാസ്സിൽ ഒറ്റതൊതുങ്ങി ഇരുന്ന എന്റെ കാതുകളിൽ കുളിർമ്മയുടെ ഓളങ്ങൾ അലതല്ലിയെത്തുന്ന വാക്കുകൾ ഇരച്ചു കയറി. ആദ്യദിവസം തന്നെ കലാപരമായ കഴിവുകൾ നിരത്തിയവരുടെ കൂട്ടത്തിൽ എന്റെ ഗാനവും ഭാവപ്രകടനങ്ങളും ശ്രദ്ധയാകർഷിച്ചെന്ന് കാരുണ്യസിസ്റ്ററുടെ വാക്കുകളിൽ ധ്വനിച്ചു. ആ കാൽവയ്പ്പുകൾ ജീവിതത്തിന്റെ ഉന്നതിയിലേക്കും കലാപരമായ ഉയർച്ചയുടെയും ഊന്നുവടികളായി മാറുകയായിരുന്നു.

ഒരു വിദ്യാലയത്തിന് ഒരു വ്യക്തിയുടെ ഉയർച്ചയിൽ ഇത്രയധികം സ്വാധീനം ചെലുത്താനാവുമെന്ന് മനസ്സിലാക്കിയ നിമിഷങ്ങൾ. അദ്ധ്യാപകർ ഒരു വിദ്യാർത്ഥിയുടെ എല്ലാതലങ്ങളിലെയും കഴിവിനെ തൊട്ടുണർത്തി ഏതു സാഹചര്യത്തിനെയും അതിജീവിക്കാൻ പ്രാപ്തയാക്കി ഉയർത്തെഴുന്നേൽപ്പിക്കാം എന്നു പഠിച്ചും പഠിപ്പിച്ചും ഈ വിദ്യാലയങ്ങളിൽ ചിലവഴിച്ച നിമിഷങ്ങൾ....

അതിന്റെ മാധുര്യം; ആ സ്നേഹവായ്പ് ഒരിക്കൽ കൂടി അനുഭവിച്ചറിയാനുള്ള ആർത്തിയോടെ ആഘോഷചടങ്ങുകൾ പൂർത്തിയാക്കി M.Ed ക്ലാസ്സിലേയ്ക്ക്.... ജീവിതത്തിലെ എല്ലാ തലങ്ങളിലും ഒരു നല്ല വ്യക്തിയായി പ്രശോഭിക്കാൻ എന്നെ വാർത്തെടുത്തതിൽ ഈ മാണിക്യത്തിനുള്ള പങ്ക് വാക്കുകൾക്കതീതമാണ്. എന്നെ ഒരു പുതിയ വ്യക്തിയാക്കി മാറ്റിയതിന് സ്നേഹാശ്രുക്കളോടെ പ്രാർത്ഥനയോടെ ഈ മാണിക്യചെപ്പിന്റെ ദീപം തെളിക്കുന്ന അദ്ധ്യാപകർക്കു മുന്നിൽ ഒരുപിടി നന്ദിയാർന്ന പുഷ്പങ്ങൾ അർപ്പിക്കുന്നു.

കൂപ്പുകൈകളോടെ മാണിക്യമുത്ത്.

# തെയോസ ടൂർ 2017

2017 ലെ തെയോസ ടൂർ 11-3-2017 ശനിയാഴ്ച രാവിലെ 9.45 ന് ആരംഭിച്ചു. പാട്ടും കളിയും ചിരിയും തമാശകളുമായി ആരംഭിച്ച ടൂറിൽ പങ്കെടുത്തവർ തങ്ങളുടെ പഠനകാലങ്ങളും സൗഹൃദങ്ങളും ഓർമ്മപ്പെടുത്തി അയവിറക്കി.

ഗുരു ഗോപിനാഥിന്റെ നാട്യകലാ അക്കാദമിയായിരുന്നു ആദ്യലക്ഷ്യം. 10.30 ന് ടൂർ ടീം അവിടെയെത്തി. മനോഹരമായ കെട്ടിടങ്ങൾ. ഹരിതഭംഗി നിറഞ്ഞ അന്തരീക്ഷം. മനോഹരമായ ഗ്രൂപ്പ് ഫോട്ടോയ്ക്ക് അവിടം വേദിയായി. തുടർന്ന് നാട്യകലയെപ്പറ്റി ഒരു ബോധവത്ക്കരണ ക്ലാസ് നടന്നു. തുടർന്ന് കലാകേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾ നടന്നു കണ്ടു. എല്ലാവർക്കും വിശപ്പിന്റെ വിളി കേൾക്കാമായിരുന്നു. കയ്യിലിരുന്ന ബ്രെഡും പഴവും വട്ടത്തിലിരുന്ന് കഴിച്ചു. തെയോസ കുട്ടികളാണ് ഈ രംഗത്തിൽ നായകവേഷം കെട്ടിയത്.

തുടർന്ന് 11.30 ന് പൊൻമുടിയിലേയ്ക്കുള്ള യാത്ര തിരിച്ചു. നെടുമങ്ങാട് വിതുര കല്ലാർ വഴിയായിരുന്നു യാത്ര. രണ്ട് ബസുകളിലായി തെയോസ കുടുംബം ആട്ടവും പാട്ടുമായി യാത്ര തുടർന്നു. കല്ലാർ കടന്നതോടെ അന്തരീക്ഷം മാറി. ഒരു ചെറിയ തണുപ്പ്. ചുറ്റും നൃത്തം വയ്ക്കുന്ന വൃക്ഷത്തലപ്പുകൾ. ധാരാളം കയങ്ങളുള്ള കല്ലാറിൽ ഇറങ്ങിയില്ല.

ബസ്സ് ഹെയർപിൻ വളവുകൾ കയറാൻ തുടങ്ങി. ഓരോ വളവും സൂക്ഷിച്ചാണ് കയറിയത്. ഡ്രൈവറുടെ ദൗത്യം ശ്രമകരമായിരുന്നു. എല്ലാവരും കാടിന്റെ ഭംഗി ആസ്വദിച്ചു. ഇന്നത്തെ തലമുറ കാടിന്റെ ഭംഗി അറിഞ്ഞു തന്നെ ജീവിക്കണം. വിനോദ യാത്രകൾ പകർന്നു തരുന്നത് പുതുമയുള്ള അനുഭവങ്ങൾ തന്നെ. ഇയ്ക്കിടയ്ക്ക് കണ്ട തേയിലത്തോട്ടങ്ങൾ കണ്ണിന് കൗതുകമായി. ചെക്ക്പോസ്റ്റിലെത്തിയ സംഘത്തിന്റെ തലയെണ്ണി തുകയും അടച്ചു. എല്ലാവർക്കും വിശന്നുതുടങ്ങിയിരുന്നു. ഫ്രൈഡ് റൈസും ചിക്കൻ കറിയുമായിരുന്നു ഉച്ചഭക്ഷണം. കറിയ്ക്ക് നല്ല എരിവായിരുന്നെങ്കിലും ആരും പോളിംഗ് മോശമാക്കിയില്ല. പൊൻമുടി പോലീസ് സ്റ്റേഷൻ അടുത്തുണ്ടായിരുന്നതിനാൽ പോലീസുകാരുടെ സഹായം കിട്ടി. ജനമൈത്രി പോലീസ് എന്നാൽ ഇതുതന്നെയാണല്ലോ.

ഭക്ഷണത്തിനുശേഷം യാത്രാസംഘം പൊൻമുടിയുടെ ടോപ്പ് സ്റ്റേഷനിലേയ്ക്ക് കയറി. മൊട്ടയടിച്ചവന്റെ തലയിൽ കല്ലുമഴ പെയ്തതുപോലെ ശൈത്യമെന്ന് തെറ്റിപ്പോയവർക്ക് കൊടും വെയിലാണ് ലഭിച്ചത്. പൊൻമുടിയിലുള്ള വാച്ച്ടവറിലേയ്ക്ക് സംഘം നീങ്ങി. അവിടെ നിന്ന് പൊൻമുടി 360° യിൽ കാണാമായിരുന്നു. മൊട്ടക്കുന്നുകളും മഞ്ഞിൽ മുങ്ങിയ ചില സ്ഥലങ്ങളും യാത്രാസംഘത്തെ സന്തോഷിപ്പിച്ചു. നല്ല സുഖം നല്കിയത് കാറ്റാണ്. കുളിർമയുള്ള കാറ്റ് ക്ഷീണം അകറ്റാൻ സഹായിച്ചു. അവിടെ നിന്നു നോക്കിയാൽ IISTയുടെ കാമ്പസിന്റെ വിദൂര ദൃശ്യങ്ങളും കാണാൻ കഴിയുമായിരുന്നു.

പൊൻമുടിയിലെ തേയിലപ്പൊടിയും മഞ്ഞളും പലരും വാങ്ങി. അവിടെവച്ചു തന്നെ പതിവുപരിപാടികളായ ഗ്രൂപ്പ് ഫോട്ടോ എടുക്കലും സ്നേഹം പങ്കുവയ്ക്കലും നടന്നു. 4 മണിയ്ക്ക് മടക്കയാത്ര ആരംഭിച്ചു. ചുരം ഇറങ്ങി താഴെയെത്തിയപ്പോൾ നമ്മുടെ പ്രിയപ്പെട്ട ജോജു സാർ ചോദിച്ചു. എന്റെ ബാഗ് ആരുടെ കയ്യിലാണ്? ആരും കൈ ഉയർത്തിയില്ല. ഉച്ചഭക്ഷണം വിളമ്പുന്നതിന്റെ തിരക്കിൽ സാറ് ബാഗ് പോലീസ് സ്റ്റേഷന്റെ അടുത്ത് വച്ചു. വണ്ടിയിൽ നിന്ന് ചാടിയിറങ്ങി ആദ്യം കണ്ട ബൈക്കിൽ ലിഫ്റ്റടിച്ച് സാറ് ചുരം കയറി പറന്നുപോയി. ഭാഗ്യം! സാറിന്റെ ബാഗും ലാപ്ടോപ്പും ക്യാമറയും ഉച്ചഭക്ഷണം കഴിച്ച സ്ഥലത്തിനടുത്തുള്ള മതിലിന്റെ മുകളിൽ സുരക്ഷിതമായി ഇരിയ്ക്കുന്നു. ദൈവം കാത്തതാകും.

വഴിയിൽ ഒരു ബസ് ബ്രേക്ക് ഡൗൺ ആയി. ഞാൻ ആലോചിച്ചു എന്തുകൊണ്ട് വണ്ടി നിന്നുപോയി? ഏതാനും മിനിറ്റുകൾ കഴിഞ്ഞപ്പോൾ കറുത്ത ബാഗുമായി ജോജു സാർ മറ്റൊരു ബൈക്കിൽ പറന്നു വരുന്നു. പെട്ടെന്ന് വണ്ടി റിപ്പയർ ചെയ്ത് യാത്ര തുടർന്നു. വിതുരയിലെ ചായകുടി എല്ലാവരും ആസ്വദിച്ചു.



യാത്രാസംഘം സുരക്ഷിതമായി 5.30ന് തെയോഫിലസ് കോളേജിൽ തിരിച്ചെത്തി.

ശ്രീജിത്ത്
(2007-2008 ബാച്ച്)



Scanned by CamScanner

# 2017-18 വർഷത്തെ തെയോസാ പ്രവർത്തന റിപ്പോർട്ട്

2017-18 വർഷത്തെ തെയോസാ പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടന്നു. പരമകാരുണ്യവാനായ ജഗദീശ്വരനും തെയോസാ മെമ്പേഴ്സിനും എം.ടി.ടി. കോളേജ് കുടുംബത്തിനും നന്ദി പറയുന്നു.

1. **തെയോസാ ഡേ :-** മാർ തെയോഫിലസ് കലാലയത്തിന്റെ മണിമുത്തുകളായിരുന്നവർ ഗൃഹാതുരത്വസ്മരണകളുണർത്തി ജനുവരി 14 ശനിയാഴ്ച കലാലയത്തിൽ ഒത്തുചേർന്നു. ഓരോ പ്രഭാതത്തിലും ഈശ്വരചൈതന്യം പുതിയതാകുന്നു. ആ ചൈതന്യകടാക്ഷം സ്വീകരിച്ച് സ്വാതിയുടെ ഈശ്വരപ്രാർത്ഥനയോടുകൂടി തിയോസാഫെസ്റ്റ് 2017 സമാരംഭിച്ചു. മാർ തിയോഫിലസ് കുടുംബത്തിന്റെ നായകൻ ഈ കലാലയത്തിന്റെ ഫെബ്രുവരി 11 ബാച്ചിലെ വിദ്യാർത്ഥിയുമായിരുന്ന പ്രിൻസിപ്പാൾ ഡോ. കെ. വൈ. ബെനഡിക്ട് സ്വാഗതം ആശംസിച്ചു. പൂർവ്വ വിദ്യാർത്ഥികളുടെ അമരക്കാരൻ ശ്രീ. ആമ്പ്രോസ് കുന്നിൽ ആമുഖപ്രഭാഷണം നടത്തി. കലാലയ ത്തിന്റെ കടിഞ്ഞൂൽ മക്കളായ ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾ ഭദ്രദീപത്തിന് തിരികൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് തിയോഫിലസ് കുടുംബത്തിന്റെ ആത്മീയാചാര്യൻ, വാക്കിലും പ്രവർത്തിയിലും പ്രവാചക ചൈതന്യം നെഞ്ചിലേറ്റിയ പുരോഹിതൻ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ യുവജന പ്രസ്ഥാനത്തിന്റെ നായകനായ തോമസ് കയ്യാലയ്ക്കൽ അച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തി. കലാലയത്തിന്റെ വിദ്യാർത്ഥി പ്രതിനിധി, ചെയർമാൻ ജോബിൻ ഡേവിഡ് തിയോസം റേഡിയോ നടപ്പിലാക്കിയ തിയോകിഡ്സിനുള്ള ആദ്യ രണ്ട് മണിക്കൂറിലുള്ള സമ്മാനം പ്രഖ്യാപിച്ചു. തുടർന്ന് സിൻഡിക്കേറ്റ് മെമ്പറായ ശ്രീ. മാണിക്യരാജ്, എം.എഡ്. വിഭാഗത്തിന്റെ തലവൻ ഡോ. ജോൺസൺ എന്നിവർ ആശംസയർപ്പിച്ചു. കലാലയത്തിന് അഭിമാനിക്കാവുന്ന മുഹൂർത്തമായിരുന്നു തുടർന്നുള്ള സമ്മാനദാനം. വിദ്യ എ.എസ്. (J.R.T. ലൈഫ് സയൻസ്), വീണ അശോക് (NET, നാച്ചറൽ സയൻസ്), അമൽ (C-TET സോഷ്യൽ സയൻസ്), സിജി ജെ. (SET, നാച്ചറൽ സയൻസ്), വിജയശ്രീ എ.എസ്. (SET, നാച്ചറൽ സയൻസ്), ഡോ. നീന തോമസ് (Ph.D., IISF Participation for HRD Ministry), ജിൻസി ബേബി (SET, മാക്സ്), ജോസുഫൈൻ ജോസഫ് (SET, ബോട്ടണി), റഹ രാജൻ (SET, ഇംഗ്ലീഷ്), ശ്രീപ്രിയ ഡി. (SET, നാച്ചറൽ സയൻസ്), അവിന മുരളി (SET, NS-C-TET, NS), ബിന്ദു ബി. (ആലപ്പുഴ യൂണിവേഴ്സിറ്റിയിൽ നിന്നും എഡ്യൂക്കേഷൻ മാനേജ്മെന്റിൽ എം.ബി.എ.), നസ്രിൻ എ., പ്രിയ കെ. നായർ എന്നിവർക്ക് 'തിയോസാ' ടോപ്പർ അവാർഡ് ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് 'തിയോസ' നടത്തിയ ഉപന്യാസ രചനാ മത്സരത്തിൽ 84-85 ബാച്ചിലെ വിജയ വൈ.ഡി.യ്ക്ക് സമ്മാനിച്ചു. രണ്ടാം സ്ഥാനം സ്മൃതിയ്ക്കും എയ്ഞ്ചൽ മേരിയ്ക്കും ലഭിച്ചു. ഡോ. മാത്യു എം. വർഗീസ് സ്മാരക അവാർഡ് കേരള യൂണിവേഴ്സിറ്റി റിസർച്ച് സ്കോളറായ ശ്രീജിത്തിന് ലഭിച്ചു. മഞ്ജിത സ്മാരക അവാർഡ് അമൃതലക്ഷ്മി, ഗിരിശങ്കർ എന്നിവർ കരസ്ഥമാക്കി. പ്രൊഫസർ ഡോ. മാത്യു സ്മാരക സാഹിത്യ പുരസ്കാരം ബിബിൻ രാജിന് ലഭിച്ചു. മഞ്ജിത സ്മാരക പ്രതിഭാശാലിയ്ക്കുള്ള പുരസ്കാരം സൗരഭ്യയ്ക്ക് ലഭിച്ചു. മികച്ച സയൻസ് അധ്യാപകർക്കായുള്ള പുരസ്കാരം ഷിഹാസ് എസിന് ലഭിച്ചു. ഡോ. ലാജി വർഗീസ്, ഡോ. നീന തോമസ്, ഡോ. അപർണ്ണ എൻ., ഡോ. സീന ഡി., ഡോ. ഷീബ എം.എൻ., ഡോ. ബിന്ദു ബി. എന്നിവർക്ക് Ph.D. നേടിയതിൽ അനുമോദന സമ്മാനം നൽകി. N.C.T.E.യിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഇവാല്യുവേഷൻ ടീം മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട കോളേജ് പ്രിൻസിപ്പാളായ ഡോ. കെ.വൈ. ബെനഡിക്ടിന് അനുമോദന സമ്മാനം നൽകി. ഡോ. ജിബി ഗീവർഗീസിന് കേരള യൂണിവേഴ്സിറ്റി എഡ്യൂക്കേഷനിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സണായി തെരഞ്ഞെടുത്തതിൽ അഭിനന്ദന സമ്മാനം നൽകി. ഡോ. കെ. പാൻഫോണിനെ 2018 ലെ കോമൺ വെൽത്ത് ഗെയിംസിൽ നാഷണൽ ടീമിൽ പങ്കെടുത്തതിന് ചാമ്പ്യൻഷിപ്പ് നേടിയതിൽ അനുമോദന സമ്മാനം നൽകി. യൂണിവേഴ്സിറ്റി കോളേജിൽ തമിഴ് വിഭാഗത്തിലെ പ്രൊഫസറായ ഡോ. കെ. മാണിക്യരാജിനെ കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായി തെരഞ്ഞെടുത്തതിൽ അഭിനന്ദന സമ്മാനം നൽകി.

2. **തെയോസാ ടൂർ :-** 2017-ലെ തെയോസാ ടൂർ ഫെബ്രുവരി 11-ാം തീയതി നടന്നു. ഗുരു ഗോപിനാഥിന്റെ നാട്യകലാ അക്കാഡമിയായിരുന്നു ആദ്യലക്ഷ്യം. തുടർന്ന് 11.30 ന് പൊൻമുടിയിലേയ്ക്കുള്ള യാത്ര തിരിച്ചു. പൊൻമുടിയിലെ തേയില



Scanned by CamScanner

പ്പാടിയും മത്തെല്ലും പലതും വാങ്ങി. അവിടെവച്ചു തന്നെ പതിവുപരിപാടികളായ ഗ്രൂപ്പ് ഫോട്ടോ എടുക്കലും സ്നേഹം പങ്കുവയ്ക്കലും നടന്നു.

യാത്രാസംഘം സുരക്ഷിതമായി 5.30 ന് തെയോഫിലസ് കോളേജിൽ തിരിച്ചെത്തി.

3. **അനുശോചനം :-** മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജിൽ നിന്ന് അകാലത്തിൽ നിര്യാതനായ ശ്രീ. ലൂക്കോസിന്റെ മരണാനന്തരശുശ്രൂഷകളിൽ തെയോസാ മെമ്പേഴ്സ് പങ്കെടുക്കുകയും അനുശോചനം അറിയിയ്ക്കുകയും ചെയ്തു.

4. **റിട്ടയർമെന്റ് :-** മാർ തെയോഫിലസ് കോളേജിൽ നിന്ന് 2017-ൽ റിട്ടയർ ചെയ്ത ശ്രീ. എബ്രഹാം സാറിന്റെയും ജോസഫ് ചേട്ടന്റെയും യാത്രയയപ്പിൽ തെയോസാ മെമ്പേഴ്സ് പങ്കെടുക്കുകയും മൊമെന്റോ നല്കുകയും ചെയ്തു.

5. **തെയോഫിലസിന്റെ മറ്റ് പരിപാടികളിലെ പങ്കാളിത്തം :-** മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജിൽ 2017 ൽ നടന്ന മുഖ്യ പരിപാടികളിലെല്ലാം തെയോസാ മെമ്പേഴ്സ് പങ്കെടുത്തു. സാധ്യമായ എല്ലാ സഹായങ്ങളും നൽകി.

പ്രിയപ്പെട്ട തെയോസാ മെമ്പേഴ്സ്,

നമ്മുടെ ഈ പ്രിയ കലാലയത്തിനെ മറക്കാതിരിക്കാം. എല്ലാ തെയോസാ മെമ്പേഴ്സും സാന്നിധ്യത്താലും സഹായങ്ങളാലും തെയോസാ പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കണമെന്ന അപേക്ഷയോടെ റിപ്പോർട്ട് സമർപ്പിയ്ക്കുന്നു.



**പ്രകാശ് ജി.ടി.**
2007-2008 (എക്സിക്യൂട്ടിവ് സെക്രട്ടറി തെയോസ)











കാര്യവട്ടം NH ൽ നിന്നും രണ്ട് കിലോമീറ്ററും LNCP തുണ്ടത്തിൽ റോഡിൽ നിന്നും 250 മീറ്റർ ബൈറോഡിൽ 6/5/4 സെന്റ് പ്ലോട്ടുകൾ വിൽപ്പനയ്ക്ക്.

ഫോൺ : 9847159752, 9847577142

ഉന്നതനിലവാരമുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഇൻഫന്റ് ജീസസ് സ്കൂൾ, കവടിയാർ



# CONGRATULATIONS

## Ph.D. Holder



Dr. Mathew C.T.

## Ph.D. Guideship



Dr. Bindu B.



Dr. Laji Varghese



Dr. Ancy A.S.

## Rank Holders



Shini Alex



Lekshmi S.V.



Nayana N.V.

## UGC NET Holders



Sourabhya P.S.



Cristopher



Shini Alex



Gokul S. Gopan



Nikita A. Jacob



Ronald Rose



Sajini E.K.

## SET Holders



Fr. Jomy Thomas



Lekshmi P.V.



Nikita A. Jacob



Sreelekshmi A.K.



Arathy Nair

## TET Holder



Feleeshya John

## KTET Holders



Shilpa S. Nair



Sreelekshmi A.K.



Arathy Nair



Sagma M.S.



Arya Pradad



Sandeep S.S.



Scanned by CamScanner

# SURVIVAL AND EDUCATION



Rakesh Sharma R.

To survive is the most inherent quality in human that stood the test of time. Humans evolved slowly through learning nature, interacting, experimenting and thereby inferring facts. These facts became knowledge that became subsequently relevant in everyday life. Knowledge kept on changing its nature based on new findings which led to struggle for existence.

To survive in this knowledge era we needed a tool. And what better tool is there than education that not only enhances skills but also renders an individual sufficient moral sense to live harmoniously within the society. The wealth of a society is the education it receives. Education rendered should elicit right thinking. To bring about right thinking in most of us is quite unpleasant. It requires crossing various barriers of mind and exploring uncharted territory. To do so is a herculean task. And to achieve the difficult task is the art of survival.

Survival art is enhanced by integrating critical thinking skills within and across all content areas that a student learns, consistently cultivating higher order thinking and providing students with repeated opportunities to learn in intellectually risk free environment. Students who aspire to achieve a goal often end up being victim to a society that is highly disorganized. To overcome the disorganization in society, education can help maneuver the thinking process building survival art.




ഉന്നത നിലവാരമുള്ളതും മൂല്യാധിഷ്ഠിതവുമായ നിയമപഠനത്തിന് മാർ ഗ്രിഗോറിയോസ് ലോ കോളേജ്, നാലാഞ്ചിറ, മാർ ഇവാനിയോസ് വിദ്യാ നഗർ



Scanned by CamScanner

*We are proud of you...*



Scanned by CamScanner

# നവരസങ്ങളിലൂടെ
# തെരെയോസ ടൂർ 2017








For Private Circulation only

Scanned by CamScanner